# കേരള സർവകലാശാല

നം.പി.ആർ.166/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി : രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 2016-17 അധ്യയനവർഷത്തെ പി.ജി. പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. സയൻസ് വിഷയങ്ങളിൽ അലോട്ട്മെന്റ് ലഭിച്ചവർ സെപ്റ്റംബർ ആറിനും മറ്റ് വിഷയങ്ങൾ ലഭിച്ചവർ സെപ്റ്റംബർ ഏഴിനും അതത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം. നിർദ്ദേശങ്ങളും മറ്റ് വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) അഡ്മിഷൻ പോർട്ടലിൽ ലഭിക്കും.

### പി.ജി.ഡി.ഇ.സി ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 27 വരെ അപേക്ഷിക്കാം.

### എം.എസ്‌സി (സി.എസ്.എസ്) ഫലം

കേരള സർവകലാശാല കാര്യവട്ടം ബയോകെമിസ്ട്രി പഠനവകുപ്പ് (സി.എസ്.എസ്) ജൂലൈയിൽ നടത്തിയ എം.എസ്‌സി ബയോകെമിസ്ട്രി 2014-16) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഗായത്രി മോഹൻ (രജി.നം BCH 140502) ഒന്നാം റാങ്ക് നേടി.

### എം.എ (സി.എസ്.എസ്) ഫലം

കേരള സർവകലാശാല കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പ് (സി.എസ്.എസ്) ജൂലൈയിൽ നടത്തിയ എം.എ പൊളിറ്റിക്കൽ സയൻസ് (2014-16) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വീണ സി.എസ് (രജി.നം POL 140501), ലക്ഷ്മി വി (രജി.നം POL 140502) എന്നിവർ ഒന്നാം റാങ്ക് നേടി.

### എം.ടെക് പരീക്ഷ

കേരള സർവകലാശാല കാര്യവട്ടം ഒപ്റ്റോ ഇലക്ട്രോണിക്സ് പഠനവകുപ്പിൽ എം.ടെക് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ പരീക്ഷയക്ക് പിഴകൂടാതെ സെപ്റ്റംബർ 22 (50 രൂപ പിഴയോടെ സെപ്റ്റംബർ 26, 250 രൂപ പിഴയോടെ സെപ്റ്റംബർ 28) വരെ അപേക്ഷിക്കാം. ഡിസർട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ ഒന്ന്.

### ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

## എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ 17-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), ആറാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) (2011-2012-ന് മുമ്പുള്ള അഡ്മിഷൻ), അഡീഷണൽ/മേഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴകൂടാതെ സെപ്റ്റംബർ 20 (50 രൂപ പിഴയോടെ സെപ്റ്റംബർ 22, 250 രൂപ പിഴയോടെ സെപ്റ്റംബർ 23) വരെ അപേക്ഷിക്കാം.

## ലക്ചറർ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം ഹിന്ദി പഠനവകുപ്പിൽ കരാറാടിസ്ഥാനത്തിൽ ലക്ചറർ തസ്തികയിലേക്ക് നിയമിക്കുന്നതിന് ഒക്ടോബർ ഒന്ന് വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## യുണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പ് അപേക്ഷ : തീയതി നീട്ടി

കേരള സർവകലാശാല വിവിധ യു.ജി/പി.ജി/ബി.ടെക്, കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിന് (2015-16 ബാച്ച്) അപേക്ഷിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 24-ലേക്ക് നീട്ടി. വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

05.09.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**